1B2A25459 (Pages : 3) Reg. No:.........................

Name: .........................

FAROOK COLLEGE (AUTONOMOUS), KOZHIKODE

**Second Semester BA Degree Examination, April 2025**

**MAL2CJ101 – മലയാള കഥാപരിചയം**

(FYUGP 2024 Admission)

Time: 2 hours Max. Marks : 70

**PART – A**

All questions can be attended.
Each question carries **Three** marks.
**Ceiling -24 Marks**

| | | COs | Knowledge Level(KL) | Marks |
|---|---|---|---|---|
| 1 | "പാശ്ചാത്യസാഹിത്യത്തിൽനിന്ന് മലയാളസാഹിത്യത്തിലേക്ക് ഇറക്കുമതി ചെയ്ത സാഹിത്യ രൂപമാണ് ചെറുകഥ". മലയാള സാഹിത്യ ചരിത്രത്തെ അടിസ്ഥാനമാക്കി വിശദീകരിക്കുക. | 1 | 2 | 3 |
| 2 | വാസനാവികൃതി എന്ന കഥയ്ക്ക് മലയാള ചെറുകഥാചരിത്രത്തിലുള്ള സ്ഥാനം നിർണയിക്കുക. | 1 | 2 | 3 |
| 3 | ചേന്നപ്പറയന്റെ മനുഷ്യത്വം, സഹജീവി സ്നേഹം എന്നിവ വെളിപ്പെടുന്ന കഥാസന്ദർഭങ്ങൾ വിവരിക്കുക? | 2 | 2 | 3 |
| 4 | നവോത്ഥാനഘട്ടത്തിലെ മലയാള ചെറുകഥയുടെ സവിശേഷതകൾ നിർണയിച്ച സാമൂഹികവും ചരിത്രപരവുമായ സാഹചര്യങ്ങൾ പരിശോധിക്കുക. | 2 | 2 | 3 |
| 5 | 'കീറിപ്പൊളിഞ്ഞ ചകലാസ്' എന്ന തലക്കെട്ട് കഥയ്ക്ക് എത്രമാത്രം യോജിക്കുന്നുവെന്നു പരിശോധിക്കുക. | 3 | 2 | 3 |
| 6 | മലയാളത്തിലെ കാല്പനികകഥകളുടെ മൂന്ന് സവിശേഷതകൾ ചൂണ്ടിക്കാണിക്കുക. | 3 | 2 | 3 |
| 7 | "മഞ്ഞമുത്തി അവനെ വഴക്കു പറഞ്ഞു. ഉത്സവം കഴിയുന്നതുവരെ ഇനി മീൻപിടിക്കാൻ പാടില്ല." - മഞ്ഞമുത്തിയുടെ വഴക്കിൽ പ്രതിഫലിക്കുന്ന പാരിസ്ഥിതിക കാഴ്ചപ്പാട് വിശദീകരിക്കുക. | 4 | 4 | 3 |
| 8 | 'ചരിത്രം' എന്ന കഥ പ്രശ്നവത്കരിക്കുന്ന സാമൂഹിക യാഥാർത്ഥ്യങ്ങൾ സൂചിപ്പിക്കുക. | 4 | 4 | 3 |
| 9 | ആധുനികാനന്തര ചെറുകഥകൾ പ്രാതിനിധ്യസ്വഭാവമുള്ളവയാണ്. മലയാളത്തിലെ സ്ത്രീ, ദലിത്, പരിസ്ഥിതി- പ്രതിനിധാനങ്ങളുള്ള മൂന്ന് കഥകൾ പരിചയപ്പെടുത്തുക. | 4 | 2 | 3 |

| | | | | |
|---|---|---|---|---|
| 10 | മലയാളചെറുകഥകളെ അവയുടെ ഭാഷാപരവും ഭാവുകത്വപരവുമായ സവിശേഷതകളുടെ അടിസ്ഥാനത്തിൽ നാല് ഘട്ടങ്ങളായി തരംതിരിച്ച്, ഓരോ ഘട്ടവും പ്രതിനിധാനം ചെയ്യുന്ന കഥകൾ ഉദാഹരണമായി നൽകുക. | 5 | 2 | 3 |

**PART – B**

All questions can be attended.

Each question carries six marks.

**Ceiling -36 Marks**

| | | COs | Knowledge Level(KL) | Marks |
|---|---|---|---|---|
| 11 | ആദ്യകാലകഥകൾ പൊതുവെ സംഭവപ്രധാനങ്ങളാണ്. 'ഒരു നരിയെ കൊന്ന വെടി'എന്ന കഥയെ മുൻനിർത്തി വിശകലനം ചെയ്യുക. | 1 | 2 | 6 |
| 12 | ആദ്യകാലകഥകളുടെ പൊതു വിഷയങ്ങളായിരുന്നു കുറ്റകൃത്യവും സാഹസികതയും. 'ഒരു നരിയെ കൊന്ന വെടി', 'മേനോക്കിയെ കൊന്നതാരാണ്' തുടങ്ങിയ കഥകളുടെ അടിസ്ഥാനത്തിൽ സമർത്ഥിക്കുക. | 1 | 2 | 6 |
| 13 | സംഭാഷണങ്ങളെ സമർത്ഥമായ ഒരു കഥാഖ്യാനതന്ത്രമായി കാരൂർ ഉപയോഗിക്കുന്നുണ്ട്- പൊതിച്ചോറിനെ അടിസ്ഥാനമാക്കി വിലയിരുത്തുക. | 2 | 2 | 6 |
| 14 | ബഷീറിന്റെ ജീവിതവീക്ഷണം ശുഭാപ്തി ചിന്തയിൽ അധിഷ്ഠിതമാണ്- ഒരു മനുഷ്യനെ അടിസ്ഥാനമാക്കി വിശകലനംചെയ്യുക. | 2 | 2 | 6 |
| 15 | വാർദ്ധക്യം അനുഭവിക്കുന്ന നിരാലംബതയും നിസ്സഹായതയും പ്രതിഫലിപ്പിക്കാൻ 'കീറിപ്പൊളിഞ്ഞ ചകലാസ്' എന്ന കഥക്ക് കഴിയുന്നുണ്ടോ? പരിശോധിക്കുക. | 3 | 4 | 6 |
| 16 | 'മുണ്ഡനം ചെയ്യപ്പെട്ട ജീവിതം' എന്ന കഥ മുന്നോട്ടുവെക്കുന്ന സാമൂഹ്യ യാഥാർത്ഥ്യങ്ങൾ വിശകലനം ചെയ്യുക | 3 | 4 | 6 |
| 17 | പുരുഷമേധാവിത്വത്തിന്റെ പ്രത്യയ ശാസ്ത്രങ്ങളോട് കലഹിക്കുന്ന കഥയാണ് 'പാപത്തറ' ഉദാഹരണ സഹിതം വിശദമാക്കുക. | 4 | 4 | 6 |
| 18 | "മൃദുൽ വി. എം. ന്റെ 'കുളെ' കാസർഗോഡ് ജില്ലയിലെ പ്രേതവിവാഹം എന്നൊരു സാമൂഹികാചാരത്തിന്റെ മാത്രം കഥയല്ല; ഇത്തരം സാമൂഹിക വ്യവഹാരങ്ങളിൽ അന്തർഭവിച്ച ജാതിയുടെ സൂക്ഷ്മചിത്രീകരണം കൂടിയാണ്". വിലയിരുത്തുക. | 4 | 4 | 6 |

## PART - C

Answer any *one* questions.
Each question carries **Ten** marks.

| | | COs | Knowledge Level(KL) | Marks |
|---|---|---|---|---|
| 19 | നവോത്ഥാനകാലകഥകൾ വിശപ്പ്, ദാരിദ്ര്യം, തൊഴിലില്ലായ്മ, സാമൂഹികാസമത്വം തുടങ്ങിയവയുടെ ആഖ്യാനങ്ങളായി മാറുന്നുണ്ടോ? വെള്ളപ്പൊക്കത്തിൽ, പൊതിച്ചോറ്, ഒരു മനുഷ്യൻ തുടങ്ങിയ കഥാമാതൃകകളുടെ പ്രമേയപരവും ആഖ്യാനപരവുമായ സവിശേഷതകൾ മുൻനിർത്തി വിശകലനംചെയ്യുക. | **2,6** | **2** | **10** |
| 20 | വ്യക്തിമനസ്സിലെ സംഘർഷങ്ങൾക്കൊപ്പം സാമൂഹ്യവ്യവസ്ഥിതിയിൽ സംഭവിക്കുന്ന പരിണാമങ്ങളും കാല്പനികഘട്ടത്തിലെ കഥകളിൽ ആവിഷ്കരിക്കപ്പെട്ടുന്നുണ്ട്. 'പള്ളിവാളും കാൽച്ചിലമ്പും', 'തിന്നുവാൻ പറ്റാത്ത ബിസ്കറ്റ്' എന്നീ കഥകളെ അടിസ്ഥാനമാക്കി വിശകലനംചെയ്യുക. | **3,6** | **4** | **10** |

**1 x 10 = 10 Marks**

1B2A25460 (Pages : 3) Reg. No:..........................

Name: ............................

FAROOK COLLEGE (AUTONOMOUS), KOZHIKODE

**Second Semester BA Degree Examination, April 2025**

**MAL2MN102 – മലയാള കവിതാസാഹിത്യം**

(FYUGP 2024 Admission)

Time: 2 hours Max. Marks : 70

**PART – A**

All questions can be attended.

Each question carries **Three** marks.

**Ceiling -24 Marks**

| | | COs | Knowledge Level(KL) | Marks |
|---|---|---|---|---|
| 1 | നാടൻപാട്ടുകളുടെ സാമൂഹികവും ഭാഷാപരവുമായ സവിശേഷതകൾ വിശദീകരിക്കുക. | 1 | 2 | 3 |
| 2 | ലീലാതിലകം പാട്ടിനു നല്കുന്ന ലക്ഷണം വിശദീകരിക്കുക. | 1 | 2 | 3 |
| 3 | പുരാണേതിഹാസപ്രധാനമായ പാട്ടുകവിതകളുടെ പ്രധാനഭാവം ഭക്തിയായിരുന്നോ? വിലയിരുത്തുക. | 2 | 2 | 3 |
| 4 | പഴഞ്ചൊല്ലുകളാൽ സമൃദ്ധമാണ് നമ്പ്യാർക്കവിത. നമ്പ്യാർക്കവിതകളിൽ നിന്ന് മൂന്ന് ഉദാഹരണങ്ങൾ കണ്ടെത്തുക. | 2 | 2 | 3 |
| 5 | "വനമുല്ലയിൽനിന്നു വായുവിൻ<br>ഗതിയിൽ പാറിവരുന്ന പൂക്കൾപോൽ<br>ഘനവേണി വഹിച്ചു കൂന്തലിൽ<br>പതിയും തൈജസകീടപംക്തിയെ"<br>(ചിന്താവിഷ്ടയായ സീത) ഈ വരികളുടെ കാവ്യഭംഗി വിവരിക്കുക. | 3 | 2 | 3 |
| 6 | "കൊച്ചനെ സ്തുതിക്കുമ്പോളെന്മുഖം മങ്ങീ പോലും, തച്ചനായാലും ഞാനൊരച്ഛനല്ലാതായ്പോമോ?" - ഈ വരികളിൽ ധ്വനിക്കുന്ന പെരുന്തച്ചന്റെ വിചാരങ്ങളെന്തെല്ലാം? | 3 | 4 | 3 |
| 7 | തുള്ളൽ പ്രസ്ഥാനത്തിന്റെ സവിശേഷതകൾ വിവരിക്കുക | 2 | 2 | 3 |
| 8 | 'ഭൂമിക്കൊരു ചരമ ഗീതം' എന്ന കവിതയിൽ അറിയാതെ ജനനിയെ പരിണയിച്ചൊരു യവന തരുണന്റെ കഥയെത്ര പഴകി' എന്ന വരികൾ സൂചിപ്പിക്കുന്ന പുരാണകഥ എന്താണ്? വിശദമാക്കുക. | 4 | 2 | 3 |
| 9 | തീവണ്ടിയിലെ പാട്ട് എന്ന കവിതയിൽ കുറവന്റെ പാട്ടിനെ ആവിഷ്കരിക്കുന്നതിനുവേണ്ടി കവി, തീവണ്ടിയാത്ര തിരഞ്ഞെടുത്തതിൽ എന്തെങ്കിലും സവിശേഷതയുള്ളതായി നിങ്ങൾ കരുതുന്നുണ്ടോ? സ്വാഭിപ്രായം പ്രകടിപ്പിക്കുക. | 3 | 3 | 3 |
| 10 | മൂന്ന് മണിപ്രവാള കൃതികളുടെ പേരെഴുതുക | 4 | 4 | 3 |

**PART – B**

All questions can be attended.

Each question carries six marks.

**Ceiling -36 Marks**

| | | COs | Knowledge Level(KL) | Marks |
|---|---|---|---|---|
| 11 | 'പാട്ടുസാഹിത്യത്തിൽ സംഭവിച്ച ഭാഷാപരമായ മാറ്റങ്ങൾ അടയാളപ്പെടുത്തുന്ന കൃതിയാണ് കണ്ണശ്ശരാമായണം'. വിശദീകരിക്കുക. | 1 | 2 | 6 |
| 12 | 'ആടിമുകിൽമാല കുടിനീര് തിരയുന്നു! ആതിരകൾ കുളിരു തിരയുന്നു. ആവണികളൊരു കുഞ്ഞുപൂവ് തിരയുന്നു! ആറുകളൊഴുക്ക് തിരയുന്നു!' 'ഭൂമിക്കൊരു ചരമഗീത'ത്തിലെ ഈ വരികളിൽ നിഴലിക്കുന്ന പാരിസ്ഥിതികവ്യഥകൾ വിശകലനംചെയ്യുക. | 1 | 2 | 6 |
| 13 | 'ഇല്ല ദാരിദ്ര്യാർത്തിയോളം വലുതായൊരാർത്തിയും' 'സ്വന്തം ദാരിദ്ര്യദു:ഖത്തെ കുചേലനിലൂടെ അവതരിപ്പിക്കാനാണ് രാമപുരത്തുവാര്യർ ശ്രമിച്ചത്'. ഈ വാദം നിരൂപണദൃഷ്ട്യാ പരിശോധിക്കുക. | 2 | 4 | 6 |
| 14 | മഹാഭാരതം കിളിപ്പാട്ടിലെ ഭീഷ്മപർവ്വത്തിൽ അവതരിപ്പിക്കുന്ന ഗീതോപദേശത്തിന്റെ സാരം വിശദീകരിക്കുക. | 2 | 2 | 6 |
| 15 | "ഒരു നിശ്ചയമില്ലയൊന്നിനും വരുമോരോദശ വന്നപോലെ പോം വിരയുന്നു മനുഷ്യനേതിനോ തിരിയാ ലോകരഹസ്യമാർക്കുമേ" - ഈ വരികൾ മനുഷ്യജീവിതത്തിന്റെ തന്നെ സന്ദിഗ്ദ്ധാവസ്ഥയുടെ ആവിഷ്കാരമാണ്. വിശകലനം ചെയ്യുക. | 3 | 4 | 6 |
| 16 | കുടിയൊഴിക്കൽ ഒരു ജന്മിത്വവിരുദ്ധ കവിതയാണോ? ചർച്ചചെയ്യുക. | 3 | 4 | 6 |
| 17 | മഹാഭാരത യുദ്ധഭൂമിയായ കുരുക്ഷേത്രത്തെ ആധുനിക ജീവിതവുമായി 'കുരുക്ഷേത്രം' എന്ന കവിത ബന്ധിപ്പിക്കുന്നതെങ്ങനെയെന്നു പരിശോധിക്കുക. | 4 | 4 | 6 |
| 18 | 'ആധുനികത' മലയാളകവിതയിൽ കൊണ്ടുവന്ന ഭാവുകത്വപരിണാമങ്ങൾ വിശകലനംചെയ്യുക. | 4 | 4 | 6 |

## PART - C

Answer any *one* questions.
Each question carries **Ten** marks.

| | | COs | Knowledge Level(KL) | Marks |
|---|---|---|---|---|
| 19 | ആധുനിക മലയാളകവിതയുടെ ഭാഷയെയും ഭാവുകത്വത്തെയും നിർണയിക്കുന്നതിൽ മണിപ്രവാളം, പാട്ട് എന്നീ സാഹിത്യപ്രസ്ഥാനങ്ങളും അവയ്ക്ക് സമാന്തരമായി വളർന്ന മറ്റു കാവ്യധാരകളും വഹിച്ച പങ്ക് വിശകലനംചെയ്യുക. | | | |
| 20 | "കൃതികൾ മനുഷ്യകഥാനുഗായികൾ". ഈ ആശയത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ? കുടിയൊഴിക്കൽ, പെരുന്തച്ചൻ, ചിന്താവിഷ്ടയായ സീത തുടങ്ങിയ നവോത്ഥാനകാല മലയാളകവിതകളുടെ അടിസ്ഥാനത്തിൽ വിശദീകരിക്കുക. | **3,5,6** | **4** | **10** |

**1 x 10 = 10 Marks**

1B2A25461 (Pages : 2) Reg. No ……………......

Name: ……………………….

FAROOK COLLEGE (AUTONOMOUS), KOZHIKODE

**Second Semester BA Degree Examination, April 2025**

**MAL2MN103 – ദളിത് പഠനങ്ങൾ**

(FYUGP 2024 Admission)

Time: 2 hours Max. Marks : 70

**PART – A**
**All questions can be attended.**
**Each question carries Three mark.**
**Ceiling -24 Marks**

| | | COs | Knowledge Level(KL) | Marks |
|---|---|---|---|---|
| 1 | 'അങ്ങനെ അയ്യൻ അഞ്ചേക്കറിന്റെ അവകാശിയായി' - എങ്ങനെ? | 3 | U | 3 |
| 2 | 'അടിയർ' എന്നത് ജാതിപ്പേരായത് എങ്ങനെയാണെന്നാണ് ജാനു പറയുന്നത്? | 3 | R | 3 |
| 3 | റോസിയെ വെള്ളിത്തിരയിൽ കണ്ടപ്പോൾ നാട്ടുകാരുടെ പ്രതികരണം എന്തായിരുന്നു? | 3 | U | 3 |
| 4 | 'ദളിത്' എന്ന പദം പ്രചാരത്തിൽ കൊണ്ടുവന്നത് ആരാണ്? | 1 | R | 3 |
| 5 | "കൃഷ്ണൻകുട്ടി വെറുതെ തെറ്റിദ്ധരിച്ചതാണ്"- സന്ദർഭമേത്? | 2 | R | 3 |
| 6 | പൊട്ടൻ തെയ്യത്തിന്റെ തോറ്റം എന്തിനെതിരെയുള്ള വിമർശനമാണ്? | 4 | Ap | 3 |
| 7 | വള്ളിയൂർകാവ് ഉത്സവസമയത്ത് ജന്മി എങ്ങനെയാണ് അടിയർക്ക് കൂലി കൊടുത്തിരുന്നത്? | 3 | R | 3 |
| 8 | ജാതിയെ പ്രശ്നവൽക്കരിക്കുന്ന കുമാരനാശാന്റെ കവിതകൾ ഏതെല്ലാം? | 2 | R | 3 |
| 9 | 'പാതി മനുഷ്യരായി താഴ്ത്തപ്പെട്ടുന്ന വംശങ്ങളുണ്ടിന്നും' - സൂചിതമെന്ത്? | 2 | An | 3 |
| 10 | മലയാളത്തിൽ പ്രസിദ്ധീകരിച്ച അംബേദ്കറുടെ ജീവചരിത്രങ്ങൾ ഏതെല്ലാം? | 1 | R | 3 |

## PART – B

**All questions can be attended.**
**Each question carries six marks.**
**Ceiling -36 Marks**

| | | COs | Knowledge Level(KL) | Marks |
|---|---|---|---|---|
| 11 | 'ചരിത്രത്തിൽ തമസ്കരിക്കപ്പെട്ടവരുടെ വേദനയാണ് കാണുന്നീലോരക്ഷരവും എന്ന കവിത' - വിശദമാക്കുക? | 2 | An | 6 |
| 12 | 'ആയേ ദാമാനോ....' എന്ന പുലയ സമുദായത്തിലെ ബാധപ്പാട്ടിന്റെ പുനരാവിഷ്കാരം ദളിത് കലകളെ വളർത്തുന്നുണ്ടോ? ചർച്ച ചെയ്യുക? | 5 | Ap | 6 |
| 13 | ദളിത് എന്ന പദത്തിന് പിൽക്കാലത്ത് വന്നു ചേർന്ന അർത്ഥങ്ങളും വ്യാഖ്യാനങ്ങളും എന്തൊക്കെയാണ്? | 1 | U | 6 |
| 14 | ജാതി വിവേചനത്തിന്റെ തീവ്രത ചർച്ച ചെയ്യുന്ന സിനിമയാണ് 'ഫാൻഡ്രി' - ഈ പ്രസ്താവന വിലയിരുത്തുക | 6 | E | 6 |
| 15 | വേഷത്തെക്കുറിച്ചും താളത്തെക്കുറിച്ചുമുള്ള പരമ്പരാഗത ചിന്തകളെ തകർക്കുകയാണ് 'കുറു കുറേ ബ്രോസ്....' - വിശകലനം ചെയ്യുക? | 6 | An | 6 |
| 16 | "പുലയന്റെ മകൻ ഡിഗ്രി നേടിയാലും പുലയൻ തന്നെയാണ്"- ഈ പ്രസ്താവനയെ സി. അയ്യപ്പന്റെ കഥയെ മുൻനിർത്തി വിശകലനം ചെയ്യുക? | 2 | An | 6 |
| 17 | ജാതിവിവേചനത്തിനെതിരെ നിരന്തര സമരം ചെയ്യാൻ അയ്യങ്കാളിയെ പ്രേരിപ്പിച്ച ബാല്യകാല അനുഭവങ്ങൾ എന്തെല്ലാമായിരുന്നു? | 3 | R | 6 |
| 18 | "അവർക്ക് ദോശ ഞങ്ങൾക്ക് പഴങ്കഞ്ഞി" ജാനുവിന്റെ ഈ വാക്കുകൾ ഒരു കെട്ടകാലത്തിന്റെ ഓർമ്മപ്പെടുത്തലാണ് - വിശദമാക്കുക? | 3 | An | 6 |

## PART - C

**Answer any *one* questions.**
**Each question carries Ten marks.**

| | | COs | Knowledge Level(KL) | Marks |
|---|---|---|---|---|
| 19 | കീഴാള ചരിത്രം എക്കാലവും തമസ്കരിക്കപ്പെട്ടിട്ടേയൊള്ളൂ എന്നതിന്റെ സാക്ഷ്യമാണ് 'പൊതിച്ചോറ് നേർച്ച' എന്ന കഥ - ചർച്ച ചെയ്യുക? | 2 | E | 10 |
| 20 | 'പാതി മനുഷ്യരായി താഴ്ത്തപ്പെടുന്ന വംശങ്ങളെക്കുറിച്ചുള്ള ഓർമ്മപ്പെടുത്തലാണ് 'കീരി' എന്ന കവിത' - ചർച്ച ചെയ്യുക? | 2 | E | 10 |

**1 x 10 = 10 Marks**

1B2A25462 (Pages : 2) Reg. No:……………………...

Name: ………………………

FAROOK COLLEGE (AUTONOMOUS), KOZHIKODE

**Second Semester BA Degree Examination, April 2025**

**MAL2FA104(1) – വിനിമയ മലയാളവും സർഗാത്മക രചനയും**

(FYUGP 2024 Admission)

Time: 1.5 hours Max. Marks : 50

**PART – A**

All questions can be attended.

Each question carries **Two** mark.

**Ceiling -16 Marks**

| | | COs | Knowledge Level(KL) | Marks |
|---|---|---|---|---|
| 1 | ഉപന്യാസ രചനയുടെ ഘടന വിശദീകരിക്കുക | 2 | 3 | 2 |
| 2 | ആദ്യകാല ബാസൽ മിഷൻ ലഘുലേഖകളുടെ സ്വഭാവമായി പ്രദീപൻ പാമ്പിരിക്കുന്ന് ചൂണ്ടിക്കാണിക്കുന്നതെന്ത്? | 2 | 3 | 2 |
| 3 | 'അടുക്കളയിൽ നിന്ന് തുടങ്ങുക' എന്നത് പറയുന്നത്ര എളുപ്പമല്ല. ഇത് വ്യക്തമാക്കാൻ ശാരദക്കുട്ടി പരാമർശിക്കുന്ന സംഭവമേത്? | 2 | 4 | 2 |
| 4 | വാവുട്ടുയോഗത്തിന്റെ ഉദ്ദേശം ചൂണ്ടി കാണിക്കുക | 2 | 4 | 2 |
| 5 | 'ഒരിടത്ത് ' എന്ന കഥയിൽ നിങ്ങളെ സ്പർശിച്ച ഒരു സന്ദർഭം ചുരുക്കി വിവരിക്കുക | 2 | 5 | 2 |
| 6 | ' തേൾ കുടം' എന്ന തലക്കെട്ടിന്റെ സാംഗത്യം പരിശോധിക്കുക | 6 | 5 | 2 |
| 7 | 'വിവർത്തനം' എന്നതിന്റെ തത്തുല്യ മലയാള പദങ്ങൾ പട്ടികപ്പെടുത്തുക | 2 | 4 | 2 |
| 8 | കുമാരനാശാന്റെ കൃതികളിൽ നിന്ന് സ്നേഹത്തിന്റെ സ്തുതി രൂപകങ്ങളായ രണ്ടെണ്ണത്തിന്റെ പേര് എഴുതുക | 2 | 3 | 2 |
| 9 | 'അരിയെത്ര പയറഞ്ഞാഴി' ഈ പഴഞ്ചൊല്ലിന്റെ ആശയ സവിശേഷത എഴുതുക | 5 | 4 | 2 |
| 10 | 'ഒരിടത്ത്' എന്ന കഥയിലെ പൂച്ചകൾ എന്തിനെ പ്രതിനിധീകരിക്കുന്നു എന്നാണ് നിങ്ങൾ നിരീക്ഷിക്കുന്നത് | 3 | 3 | 2 |

**PART – B**

All questions can be attended.

Each question carries **six** marks.

**Ceiling -24 Marks**

| | | COs | Knowledge Level(KL) | Marks |
|---|---|---|---|---|
| 11 | 'ആധുനിക കേരളം ആരുടെ ഭാവനയാണ്' എന്ന ശീർഷകത്തിന്റെ ഔചിത്യം വ്യക്തമാക്കുക | 6 | 5 | 6 |
| 12 | മികച്ച പാകം 'നള പാക'മാണെന്ന് പുരുഷ അടുക്കളയിലെ സ്ത്രീ അനുഭവം മറ്റൊന്നാകുന്നു- ശാരദക്കുട്ടിയുടെ വീക്ഷണത്തോട് പ്രതികരിക്കുക | 5 | 4, 5 | 6 |
| 13 | ' പ്ലേജറിസം' - കുറിപ്പെഴുതുക | 5 | 2-5 | 6 |
| 14 | 'ലിപ്യന്തരണം' എന്താണെന്ന് ഉദാഹരണ സഹിതം വിവരിക്കുക | 4 | 2, 3 | 6 |
| 15 | കേരളത്തിലെ ദളിത്-അധ:സ്ഥിത സമൂഹം സഞ്ചാരസ്വാതന്ത്ര്യത്തിന് വേണ്ടി നടത്തിയ പ്രക്ഷോഭങ്ങൾ വിവരിക്കുക | 5 | 5, 6 | 6 |

PART - C

Answer any *one* questions.

Each question carries Ten marks.

| | | COs | Knowledge Level(KL) | Marks |
|---|---|---|---|---|
| 16 | 'ബലിത്തവള' എന്ന കഥാപാത്രത്തിന്റെ രാഷ്ട്രീയ വിവക്ഷകൾ വിമർശനാത്മകമായി വിലയിരുത്തുക | 4, 5 | 5 ,6 | 10 |
| 17 | സിനിമകളുടെ സബ്ടൈറ്റിൽ നിർമ്മാണം പരോക്ഷ വിവർത്തനം എന്ന നിലയിൽ എന്തെല്ലാം വെല്ലുവിളികൾ അഭിമുഖീകരിക്കുന്നു വിശകലനം ചെയ്യുക | 4-6 | 5, 6 | 10 |

1 x 10 = 10 Marks

1B2A25463 (Pages : 4) Reg. No:..........................

Name: ............................

FAROOK COLLEGE (AUTONOMOUS), KOZHIKODE

**Second Semester B.Sc Degree Examination, April 2025**

**MAL2FA104(2) –** വിനിമയമലയാളവും ശാസ്ത്രരചനയും

(FYUGP 2024 Admission)

Time: 1.5 hours Max. Marks : 50

**PART – A**

All questions can be attended.
Each question carries **Two** marks.
**Ceiling -16 Marks**

| | | COs | Knowledge Level(KL) | Marks |
|---|---|---|---|---|
| 1 | യൂണിക്കോഡിൻ്റെ കടന്നുവരവ് ഭാഷാകമ്പ്യൂട്ടിങ്ങിൽ ഉണ്ടാക്കിയ വിപ്ലവകരമായ മാറ്റം അടയാളപ്പെടുത്തുക. | 1 | 2 | 2 |
| 2 | 'അമ്പിളിമാമൻ്റെ യാഥാർത്ഥ്യം' എന്ന ശീർഷകത്തിൻ്റെ യുക്തി പരിശോധിക്കുക. | 1 | 2 | 2 |
| 3 | വിമർശനം സർഗാത്മക രചനയല്ല എന്ന വാദം ശരിയോ? നിങ്ങളുടെ വാദം യുക്തിപൂർവം അവതരിപ്പിക്കുക. | 2 | 2 | 2 |
| 4 | പണ്ടത്തെ കാരണവന്മാർ ഭൂതകാലത്തിൻ്റെ സ്മൃതിമുദ്രയായി കൂടെ കൊണ്ടുവന്ന വനശകലമാണ് സർപ്പക്കാട് എന്ന അഭിപ്രായത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ? സ്വാഭിപ്രായം വ്യക്തമാക്കുക. | 2 | 2 | 2 |
| 5 | To let the Cat out of the bag എന്ന വാക്യത്തിൻ്റെ രണ്ട് വിവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.<br>1. പൂച്ച പുറത്തു ചാടുക<br>2 കള്ളി വെളിച്ചത്താവുക<br>ഇതിൽ ഉചിതമായ വിവർത്തനം ഏതാണെന്നാണ് നിങ്ങൾ കരുതുന്നത് ? വിവർത്തനതത്ത്വങ്ങളുടെ അടിസ്ഥാനത്തിൽ വിശദീകരിക്കുക. | 3 | 3 | 2 |
| 6 | സ്രോതഭാഷ , ലക്ഷ്യഭാഷ എന്നിവ എന്തെന്ന് പരിചയപ്പെടുത്തുക. | 3 | 2 | 2 |

| | | | | |
|---|---|---|---|---|
| 7 | 'ഇന്നലെ വരെ കുളിക്കുകയും കളിക്കുകയും ചെയ്തിരുന്ന പുഴ ഇന്ന് എന്റെ പിന്നാലെ പായുന്നു. ഇന്നലെ വരെ ഒരിടത്ത് തലയുയർത്തി അടങ്ങിയിരുന്ന കുന്ന് എന്നെ തള്ളിമാറ്റി മുന്നോട്ടു കുതിക്കുന്നു.'<br>പി.കെ പാറക്കടവിന്റെ 'ഇന്ന്' എന്ന മിന്നൽക്കഥയാണിത്.<br>-ഈ കഥയിലൂടെ വിനിമയംചെയ്യപ്പെടുന്ന ആശയം എന്തായിരിക്കാം? വിശദമാക്കുക. | 5 | 4 | 2 |
| 8 | തനിനിറം<br><br>കറുപ്പൊരു നിറമല്ല<br>സഹിച്ചതൊക്കെയും തഴമ്പിച്ചതാണത്<br>വെളുപ്പൊരു നിറംതന്നെ ചെയ്തതിനെ ഓർത്ത്<br>തൊലിയുരിയുമ്പോൾ വെളിപ്പെടുന്നത്.<br>(വീരാൻ കുട്ടി)<br>-കവിത മുന്നോട്ടുവയ്ക്കുന്ന സൂക്ഷ്മ രാഷ്ട്രീയത്തെ രണ്ടോ മൂന്നോ വാക്യത്തിൽ അവതരിപ്പിക്കുക. | 1 | 4 | 2 |
| 9 | സബ്ടൈറ്റിലുകൾ സിനിമയുടെ /ഡോക്യുമെന്ററിയുടെ ആസ്വാദനത്തെ എപ്രകാരം സ്വാധീനിക്കുന്നു? | 3 | 4 | 2 |
| 10 | Forest Man എന്ന ഡോക്യുമെന്ററി നിങ്ങൾ കണ്ടിരിക്കുമല്ലോ.<br><br>ഡോക്യുമെന്ററിയുടെ ശീർഷകത്തിന് മലയാളത്തിൽ രണ്ട് വിവർത്തനസാധ്യതകൾ കണ്ടെത്തുക. | 4 | 3 | 2 |

**PART – B**

All questions can be attended.

Each question carries **six** marks.

**Ceiling -24 Marks**

| | | COs | Knowledge Level(KL) | Marks |
|---|---|---|---|---|
| 11 | പൂർണചന്ദ്രൻ തേങ്ങാപ്പൂളിന്റെ ആകൃതിയിലേയ്ക്ക് മാറുന്ന അവസ്ഥയ്ക്ക്, ശാസ്ത്രവും വിശ്വാസവും നൽകുന്ന വ്യാഖ്യാനങ്ങൾ വിശകലനം ചെയ്യുക. | 1 | 3 | 6 |

| | | | | |
|---|---|---|---|---|
| 12 | യുക്തിവിചാരം, ഭാഷ, ബിംബങ്ങൾ എന്നിവയുടെ സൂക്ഷ്മവിശകലനം, കഥാപാത്രവിശകലനം തുടങ്ങിയവ വിമർശനത്തിന്റെ ഭാഗമാണോ? നിങ്ങൾ പഠിച്ച വിമർശന ലേഖനങ്ങളുടെ അടിസ്ഥാനത്തിൽ പരിശോധിക്കുക. | 2 | 4 | 6 |
| 13 | താഴെ ചേർത്തത് എം.എസ്. സ്വാമിനാഥന്റെവാക്കുകളാണ്. ഈ ആശയം വിപുലീകരിച്ച് ഒരു കുറിപ്പ് തയ്യാറാക്കുക<br>Technology can advance yield and productivity, but only public policy can advance the income of farmers. There has to be a synergy between technology and public policy. | 6 | 3 | 6 |
| 14 | "വാതിലില്ലാത്ത പത്തു കള്ളികളും അതിലൊക്കെയും ഇരുന്ന് മൂത്രമൊഴിക്കാനുള്ള വിധത്തിലെ കമ്മോഡും ചൂണ്ടിക്കാണിച്ചത് മണിദീപയാണ്. എന്താ അമ്മേ വാതിലില്ലാത്തത് എന്നവളുടെ ചോദ്യം ആണുങ്ങൾക്കുള്ളതാവും, അവർക്ക് ഒന്നിനും മറയും ലജ്ജയും വേണ്ടല്ലോ. ഇപ്പറഞ്ഞത് രണ്ടും ഏതു കാര്യത്തിലും പെണ്ണുങ്ങൾക്കായി ഡിസൈൻ ചെയ്തിട്ടുള്ളതാണല്ലോ എന്ന് ബാങ്കുകാരി"<br>-ഇവിടെ സൂചിതമാകുന്ന ലിംഗവിവേചനത്തിന്റെ തലം മുൻനിർത്തി ഒരു വിമർശനക്കുറിപ്പ് തയ്യാറാക്കുക. | 4 | 6 | 6 |
| 15 | ശ്രദ്ധേയമെന്ന് നിങ്ങൾക്ക് തോന്നിയ രണ്ട് പ്രശസ്തങ്ങളായ പരസ്യവാചകങ്ങൾ മുൻനിർത്തി അവയെ ആകർഷണീയമാക്കിയ ഘടകങ്ങൾ എന്തെല്ലാമെന്ന് അപഗ്രഥിക്കുക. | 5 | 4 | 6 |

## PART - C

Answer any *one* questions.
Each question carries **Ten** marks.

| | | COs | Knowledge Level(KL) | Marks |
|---|---|---|---|---|
| 16 | 'ചന്ദ്രനിലേക്ക് നോക്കി കഥയും കാര്യവും മെനഞ്ഞവരുടെ ചരിത്രം നമുക്കു മുന്നിൽ നീണ്ടു നിവർന്ന് കിടക്കുകയാണ്. മനുഷ്യർ തങ്ങൾ ജീവിച്ചിരിക്കുന്നതിന്റെ തെളിവുകൾ അവശേഷിപ്പിക്കാൻ തുടങ്ങിയ കാലത്തോളം ആകാശഗോളങ്ങളെ നിരീക്ഷിച്ചതിന്റെ ചരിത്രം നീണ്ടു കിടക്കുന്നു'. – <br><br> അമ്പിളി മാമന്റെ യാഥാർഥ്യം എന്ന ലേഖനത്തിൽ ജീവൻ ജോബ് തോമസ് നടത്തിയ ഈ പരാമർശത്തെ വിമർശനാത്മകമായി വിലയിരുത്തുക | 4 | 5 | 10 |
| 17 | കർണ്ണനെ മഹാത്മാവാക്കുന്ന ത്യാഗമെന്ന് കുട്ടികൃഷ്ണമാരാർ നിരീക്ഷിക്കുന്ന സംഗതികൾ എന്തെല്ലാമാണ് ? മാരാരുടെ ഈ അഭിപ്രായത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ? സ്വന്തം അഭിപ്രായങ്ങൾ വ്യക്തമാക്കുക. | 2 | 4 | 10 |

**1 x 10 = 10 Marks**

1B2A25464 (Pages : 3) Reg. No:.........................

Name: ...........................

FAROOK COLLEGE (AUTONOMOUS), KOZHIKODE

**Second Semester BCOM Degree Examination, April 2025**

MAL2FA104(3) – വിനിമയ മലയാളവും വാണിജ്യരചനയും

(FYUGP 2024 Admission)

Time: 1.5 hours Max. Marks : 50

**PART – A**

All questions can be attended.
Each question carries **Two** mark.
**Ceiling -16 Marks**

| | | COs | Knowledge Level(KL) | Marks |
|---|---|---|---|---|
| 1 | അധ്വാനവിഭജനം എന്ന വാക്കുകൊണ്ട് അർത്ഥമാക്കുന്ന കാര്യങ്ങൾ രേഖപ്പെടുത്തുക. | CO5 | UNDERSTAND (U) | 2 |
| 2 | ഫ്യൂഡൽ സമ്പ്രദായം എന്താണെന്ന് വ്യക്തമാക്കുക | CO1 | EVALUATE (E) | 2 |
| 3 | നവലിബറൽ നയങ്ങൾ ഉയർത്തുന്ന പുതിയ ഭീഷണികൾ ഉദാഹരിക്കുക | CO2 | ANALYSE (AN) | 2 |
| 4 | എം. പി പോൾ രചിച്ച രണ്ട് കൃതികളുടെ പേര് എഴുതുക | CO2 | REMEMBER (R) | 2 |
| 5 | സ്രോതഭാഷ , ലക്ഷ്യഭാഷ എന്നിവയെ കുറിച്ച് എഴുതുക. | CO3 | UNDERSTAND (U) | 2 |
| 6 | 'വിവാഹ സമ്മാനം' പൂട്ടും തുറപ്പും എന്ന നിരൂപണത്തിന് മറ്റൊരു പേര് നിർദ്ദേശിക്കുക. ഈ പേര് സ്വീകരിക്കാനുള്ള കാരണം രേഖപ്പെടുത്തുക. | CO6 | CREATE (C) | 2 |
| 7 | മലയാളത്തിലേക്ക് വിവർത്തനം ചെയ്യുക : **Excitedly, we shook hands, and the partnership now had a business.** | CO3 | APPLY(AP) | 2 |
| 8 | **Wincing in pain, he summoned all of his faculties and strength.** മുകളിൽ കൊടുത്ത ഇംഗ്ലീഷ് വാക്യത്തിന്റെ ആശയം മലയാളത്തിൽ എഴുതുക. | CO3 | APPLY(AP) | 2 |
| 9 | 'ജനാധിപത്യ വികേന്ദ്രീകരണ പരീക്ഷണങ്ങളിലേക്ക് വേറിട്ടൊരു അനുഭവം തന്നെ സമ്മാനിച്ചു " എന്ന് ലേഖകൻ രേഖപ്പെടുത്തുന്നു. ജനാധിപത്യ വികേന്ദ്രീകരണം എന്ന പ്രയോഗത്തിന്റെ അർത്ഥം കണ്ടെത്തുക. | CO5 | UNDERSTAND (U) | 2 |

| | | | | |
|---|---|---|---|---|
| 10 | ഇടശ്ശേരിയുടെ വിവാഹ സമ്മാനം എന്ന കവിതയുടെ നിരൂപണത്തിൽ ഇ. പി. രാജഗോപാലൻ സമാന സ്വഭാവമുള്ള ചില രചനകൾ പരാമർശിക്കുന്നുണ്ട്. അത്തരം രണ്ട് രചനകളുടെ പേരെഴുതുക. | CO1 | REMEMBER (R) | 2 |

**PART – B**

All questions can be attended.

Each question carries **six** marks.

**Ceiling -24 Marks**

| | | COs | Knowledge Level(KL) | Marks |
|---|---|---|---|---|
| 11 | "കൊള്ളലോ കൊടുക്കലോ എന്ന സന്നിഗ്ദ്ധമായി പറയാനാവാത്ത വായനയുടെ ഘടനയായി മലയാള ചെറുകഥ മാറുന്നതിന്റെ ആദ്യഗന്ധു മരപ്പാവകളിലുണ്ട്." എന്നാണ് ലേഖകന്റെ നിരീക്ഷണം. നിങ്ങളുടെ വായനയിൽ ഇങ്ങനെ തോന്നിയോ? വിശദീകരിക്കുക. | CO4 | EVALUATE (E) | 6 |
| 12 | കുടുംബവും വ്യക്തികളും തമ്മിലുള്ള സംഘർഷമാണ് വിവാഹ സമ്മാനം എന്ന കവിത. ഈ പ്രസ്താവനയോട് നിങ്ങൾ യോജിക്കുന്നുണ്ടോ? വിശദീകരിക്കുക. | CO2 | CREATE (C) | 6 |
| 13 | "ബഷീർ അവർകളുടെ ഈ കൃതി നമ്മുടെ മധ്യേ നിവസിക്കുന്ന ഒരു ഗണനീയമായ ജനവിഭാഗത്തോട് ഇതര വിഭാഗങ്ങൾക്കു പൂർവ്വാധികം ഹൃദയബന്ധമുണ്ടാക്കുവാൻ പര്യാപ്തമാണെന്നു മാത്രമേ എനിക്ക് പറയുവാനുള്ളൂ " ബാല്യകാലസഖിയുടെ അവതാരികയിൽ എംപി പോൾ ഇങ്ങനെ രേഖപ്പെടുത്തി. അരനൂറ്റാണ്ടിനു ശേഷം,ഈ പ്രസ്താവനയുടെ വെളിച്ചത്തിൽ ബാല്യകാലസഖിയെ മൂല്യനിർണയം ചെയ്യുക. | CO1 | ANALYSE (AN) | 6 |
| 14 | 'കേട്ടെന്നു തോന്നിയകലെ നിന്നും നേർത്തതല്ലെന്നാൽ ഉറക്കെയല്ല അച്ഛനെ കാത്തിരിക്കുന്ന മറ്റൊ - രുണ്ണിക്കിടാവിൻ കരച്ചിൽപോലെ.' - വായനാനുഭവം പ്രകാശിപ്പിക്കുക. | CO5 | APPLY(AP) | 6 |
| 15 | വിവർത്തനത്തിന്റെ സാർവ്വലൗകിക തത്ത്വങ്ങൾ എന്തെല്ലാം ? | CO3 | UNDERSTAND (U) | 6 |

## PART - C

Answer any *one* questions.
Each question carries **Ten** marks.

| | | COs | Knowledge Level(KL) | Marks |
|---|---|---|---|---|
| 16 | ഹിഗ്വിറ്റ എന്നത് ലോകപ്രശസ്തനായ ഒരു ഗോളിയുടെ പേരാണ് . ഈ പേര്, എൻ എസ് മാധവൻ തന്റെ കഥയുടെ പേരാക്കുന്നു. കഥയിൽ "ആദ്യത്തെ കുറച്ചുദിവസം ഗോളി മാറ്റമില്ലാതെ യേശുക്രിസ്തു ആയിരുന്നു. ഒന്നാം നമ്പർ ജേഴ്സി അണിഞ്ഞ് കർത്താവ് പല പന്തുകളും തട്ടിമാറ്റി " എന്ന് രേഖപ്പെടുത്തുന്നു. പേരുമുതൽ തുടങ്ങുന്ന ഈ കഥയുടെ സവിശേഷ ശിൽപ സംവിധാനത്തെവിമർശനാത്മകമായി വിലയിരുത്തുക | CO2 | ANALYSE (AN) | 10 |
| 17 | കേരളത്തിൽ നിലവിലുള്ള സൂക്ഷമ / ചെറുകിട/ ഇടത്തരം സംരംഭങ്ങളെ കുറിച്ചും അവയുടെ ഉൽപ്പന്നങ്ങളെ കുറിച്ചും ഉദാഹരണ സഹിതം വിവരിച്ച് ഉപന്യാസം തയ്യാറാക്കുക. | CO6 | CREATE (C) | 10 |

**1 x 10 = 10 Marks**

1B2A25465 (Pages : 2) Reg. No:.............................

Name: .............................

FARROOK COLLEGE (AUTONOMOUS), KOZHIKODE

**Second Semester BA Degree Examination, April 2025**

**MAL2FA106 –** സിനിമയും സാഹിത്യവും

(FYUGP 2024 Admission)

Time: 1.5 hours Max. Marks : 50

**PART – A**

All questions can be attended.

Each question carries **Two** marks .

**Ceiling -16 Marks**

| | | COs | Knowledge Level(KL) | Marks |
|---|---|---|---|---|
| 1 | ചലച്ചിത്രമായി അനുവർത്തനംചെയ്യപ്പെട്ട നാലു മലയാളകൃതികൾ പരിചയപ്പെടുത്തുക. | 1 | 2 | 2 |
| 2 | നീലവെളിച്ചം എന്ന കഥയിൽ കഥാകാരൻ മുറിതുറന്ന് അകത്തുകയറിയപ്പോൾ കണ്ട അത്ഭുതകരമായ കാഴ്ച വിശദീകരിക്കുക. | 1 | 2 | 2 |
| 3 | തിരക്കഥയ്ക്ക് സ്വന്തം വാചകത്തിൽ ഒരു നിർവചനം തയാറാക്കുക. | 2 | 2 | 2 |
| 4 | എന്താണ് വൺലൈൻ തിരക്കഥ? | 2 | 2 | 2 |
| 5 | ഭാഷയിലെ ആദ്യത്തെ ദേശീയപുരുഷൻ യേശുദാസാകാൻ കാരണമായി പ്രദീപൻ പാമ്പിരികുന്ന് ഉന്നയിക്കുന്ന വസ്തുതകൾ ചൂണ്ടിക്കാണിക്കുക. | 3 | 2 | 2 |
| 6 | സംഗീതം സിനിമയുടെ അവിഭാജ്യ ഘടകമാണോ? സ്വന്തം അഭിപ്രായം രേഖപ്പെടുത്തുക. | 3 | 4 | 2 |
| 7 | പ്രകൃതിയിലുള്ളത് അതേപടി ഒപ്പിയെടുക്കലാണ് ക്യാമറയുടെ ധർമ്മമെന്ന സങ്കല്പം മാറേണ്ടതുണ്ടെന്ന അടൂർ ഗോപാലകൃഷ്ണന്റെ നിരീക്ഷണത്തിന്റെ സാധുതപരിശോധിക്കുക. | 4 | 4 | 2 |
| 8 | വാൻഗോഗിന്റെ പ്രശസ്തമായ ചിത്രമാണ് ആർലെയിലെ പാലം -Langlois Bridge at Arles. ഡ്രീംസ് എന്ന സിനിമയിൽ ഈ ചിത്രം ചിത്രീകരിച്ചിരിക്കുന്ന സന്ദർഭം വിശദീകരിക്കുക. | 4 | 2 | 2 |
| 9 | "അത്ഭുതത്തെ അത്ഭുതമായി നിലനിർത്തിക്കൊണ്ട് കഥ വിടവാങ്ങുന്നു"- 'നീലവെളിച്ചം' എന്ന കഥയെക്കുറിച്ചുള്ള ഈ പ്രസ്താവന വിലയിരുത്തുക. | 1 | 4 | 2 |
| 10 | എന്താണ് മൊണ്ടാഷ് (montague)? ഉദാഹരിക്കുക. | 1 | 2 | 2 |

**PART – B**

All questions can be attended.
Each question carries **six** marks.
**Ceiling -24 Marks**

| | | COs | Knowledge Level(KL) | Marks |
|---|---|---|---|---|
| 11 | "ഒരു ശലഭമുണ്ടാകുന്നതിന് മുമ്പുള്ള പുഴവിന്റെ അവസ്ഥയാണ് തിരക്കഥയെന്നത്"— തിരക്കഥാകൃത്തായ കാരിയറുടെ ഈ പ്രസ്താവനയുടെ ഔചിത്യം വിലയിരുത്തുക. | 2 | 2 | 6 |
| 12 | ജനപ്രിയ സിനിമകളുടെ സവിശേഷതകൾ ഉദാഹരണ സഹിതം വിശദീകരിക്കുക | 4 | 3 | 6 |
| 13 | മലയാളസിനിമാഗാനങ്ങളുടെ ഭാവുകത്വമാറ്റത്തെ 'നാടിൻ നന്മകനേ പൊന്മകനേ' എന്ന ഗാനത്തിന്റെ അടിസ്ഥാനത്തിൽ വിശകലനം ചെയ്യുക. | 3 | 4 | 6 |
| 14 | 'ചലച്ചിത്രഗാനങ്ങൾക്ക് സിനിമാസന്ദർഭത്തിൽ മാത്രമല്ല സിനിമക്കു പുറത്തും സ്വതന്ത്രമായ നിലനില്പ് സാധ്യമാകും'. ഉദാഹരണസാഹിതം വിവരിക്കുക. | 3 | 4 | 6 |
| 15 | ഡ്രീംസ് എന്ന സിനിമയിലെ "Crows" എന്ന ഭാഗത്തിന്റെ ദൃശ്യഭാഷാ സവിശേഷതകൾ വിലയിരുത്തുക. | 4 | 2 | 6 |

**PART - C**

Answer any *one* question.
Each question carries **Ten** marks.

| | | COs | Knowledge Level(KL) | Marks |
|---|---|---|---|---|
| 16 | 'ഭാർഗ്ഗവീനിലയം', 'നീലവെളിച്ചം' എന്നീ സിനിമകളുടെ ചലച്ചിത്രഭാഷ, ആഖ്യാനം, അവതരണം എന്നീ ഘടകങ്ങൾ അടിസ്ഥാനമാക്കി, ഒരേ തിരക്കഥയിൽനിന്നും രൂപപ്പെട്ട ചലച്ചിത്രങ്ങൾ എന്നനിലയിലുള്ള അവയുടെ ഭാവുകത്വപരമായ പരിണിതികൾ അടയാളപ്പെടുത്തുക. | 1 | 2 | 10 |
| 17 | ഒരു നോവൽ സിനിമയാകുന്നതിന്റെ സാധ്യതകളും പരിമിതികളും 'ആടുജീവിത'മെന്ന സിനിമയെ മുൻനിർത്തി ചർച്ച ചെയ്യുക. | 2 | 2 | 10 |

**1 x 10 = 10 Marks**

2B2A25079 (Pages : 2) Reg. No:.............................

Name: ..............................

FAROOK COLLEGE (AUTONOMOUS), KOZHIKODE

**Second Semester B.Sc CS/BAMM/BVOC/GEOLOGY/BVOC Degree Examination, April 2025**

**BML2A08(3) /A08(M) – Malayala Bhashayum Sahithyam – 2**

(2022 Admission onwards)

Time: 2 ½ hours Max. Weightage : 80

## Section A

**I. രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക. രണ്ടുമാർക്ക്‌വീതം**

1. ''എങ്കിൽ.... ദയവ്, എന്നായിരിക്കും പേര്'' - കഥാസന്ദർഭം വിശദമാക്കുക.
2. മുഴുമിക്കാത്ത ആ അപേക്ഷയിൽ എന്റെ എല്ലാ അപേക്ഷയുമുണ്ടായിരുന്നു. സൂചിതമെന്ത്?
3. 'അതിൽ ഒരു വംശത്തിന്റെ ചരിത്രബോധം ഇഴ പിരിഞ്ഞുകിടക്കുന്നതായി ഞങ്ങൾ അറിഞ്ഞു.' - ഇവിടെ പരാമർശിക്കുന്നതെന്ത്?
4. പത്മിനിക്ക് കിട്ടാവുന്നതിൽ വെച്ച് ഏറ്റവും നല്ല ചികിത്സ അവളുടെ വീടാണെന്ന് പറയാൻ കാരണമെന്ത്?
5. മുഖം നോക്കാതെ സത്യം വിളിച്ചുപറയുന്ന നാറാണത്ത് ഭ്രാന്തൻ എന്ന് ചന്ദ്രമതി വിശേഷിപ്പിച്ചതാരെ? കാരണമെന്ത്?
6. 'അതെ, ഞങ്ങൾ തിരിച്ചു വരവ് ആഘോഷിക്കുകയായിരുന്നു' - വിശദമാക്കുക.
7. 'വേറിട്ട കാഴ്ചകൾ' എന്ന ലേഖനസമാഹാരം രചിച്ചതാര്?
8. 'അപ്രതീക്ഷിതമായ ഒരത്ഭുതമാണ് സംഭവിച്ചത്' എന്ന് ചുള്ളിക്കാട് വിശേഷിപ്പിച്ചതെന്തിനെ?
9. 'അറവുശാലയിലേക്ക് കൊണ്ടു പോകുന്ന മാടിന്റെ മനസ്സാണിപ്പോ' നാരായണൻ ഇങ്ങനെ പറയുന്ന സന്ദർഭമേത്?
10. ''നാട്ടിൽ നിന്നുവരുന്ന കത്തുകളിൽ പേരുമാത്രമേ മാറ്റമുള്ളു. ബാക്കിയെല്ലാം ഒന്നുതന്നെ'' - മൊയ്തീന്റെ വാക്കുകളുടെ പൊരുളെന്ത്?
11. ''എന്റെ പ്രാർത്ഥന കേട്ടു. തച്ചോളി അമ്പു പോലും ഇത്രേം കാലമോടിയിട്ടുണ്ടാവില്ല. ഇനി യതൊന്നു മാറ്റിക്കോ'' - സാരസ്യമെന്ത്?
12. ജടാധാരിമലയിലെ കുറ്റൻ ആൽമരത്തിന് നാഗമരം എന്ന് പേരുവിളിക്കാൻ കാരണമെന്ത്?
13. നീലകണ്ഠന്റെ ഇല്ലത്ത് മഹായാഗത്തിനുള്ള ഒരുക്കങ്ങൾ നടത്തിയതെന്തിന്?
14. നീലകണ്ഠന്റെ ജീവിതത്തിന്റെ ലൈൻതന്നെ മാറിപ്പോയ സംഭവമേത്?
15. തന്റെ വീടിന് ജനവാതിലുകൾ വെയ്ക്കാത്തതിനെക്കുറിച്ച് നീലകണ്ഠന്റെ നിലപാടെന്ത്?

**(15 x 2 = 30**പരമാവധി മാർക്ക്25)

## Section B

**II.** ഒരു ഖണ്ഡികയിൽ കവിയാതെ ഉത്തരമെഴുതുക.

16. "കൈവിരലുകളിലൊട്ടിപ്പിടിച്ച ചക്കവെളിഞ്ഞീൻ പോലെയാണ് പേർഷ്യക്കാരന്റെ ജീവിതം. തട്ടിത്തെറിപ്പിക്കാൻ ശ്രമിക്കുന്തോറും പറ്റിപ്പിടിച്ചോണ്ടിരിക്കും" പത്തേമാരിയിലെ ഈ വരികളിൽ പ്രതിഫലിക്കുന്ന പ്രവാസികളുടെ ജീവിതാവസ്ഥയെന്ത്?. വിശദമാക്കുക.

17. "നമ്മള് വഴിവെട്ടിയവരല്ലെ.... അവർക്ക് മുൻപില് തടസ്സങ്ങളൊന്നുമില്ലല്ലോ. അതുകൊണ്ട് വേഗത കൂടും." നാരായണന്റെ വാക്കുകളിൽ തെളിയുന്നത് രണ്ടു തലമുറകളിലെ പ്രവാസജീവിതത്തിൽ വന്ന മാറ്റങ്ങളാണ്. വിലയിരുത്തുക.

18. ജടാധാരിയുടെ കോപമാണ് സ്വർഗ്ഗത്തിലെ മനുഷ്യർ അനുഭവിക്കുന്നത് എന്ന എൻമകജെയിലെ വിശ്വാസത്തിന് പിന്നിലെ കഥയെന്ത്?

19. എൻമകജെയിലെ ജന്മിമാർ ആദിവാസികളായമൊഗേന്മാർക്ക് നൽകുന്ന ആദരവുകളും അവകാശങ്ങളും വിശദമാക്കുക.

20. "ദൈവം.... നിങ്ങളെയും.... എന്നെയും..... എല്ലാവരെയും രക്ഷിക്കട്ടെ!" ഈ വാക്കുകൾ ബഷീറിന്റെ ജീവിതദർശനവുമായി ബന്ധപ്പെട്ടിരിക്കുന്നതെങ്ങനെയെന്ന് വിവരിക്കുക.

21. "ഞങ്ങൾക്കിടയിൽ മൗനം വർത്തമാനം പറഞ്ഞു" – മൗനം കൊണ്ട് കഥ മെനഞ്ഞെടുക്കുക എന്ന പരമമായകലയാണ് 'മുന്നാമതൊരാൾ' എന്ന കഥയിൽ കഥാകൃത്ത് പരീക്ഷിക്കുന്നത്. – വിശദമാക്കുക.

22. കീമോതെറാപ്പിയുൾപ്പെടെയുള്ള ചികിത്സകഴിഞ്ഞവർ നിത്യജീവിതത്തിൽ ശ്രദ്ധിക്കേണ്ട എന്തെല്ലാം കാര്യങ്ങളാണ് ചന്ദ്രമതി നിർദ്ദേശിക്കുന്നത്.

23. ശിവാജിഗണേശനുമായുള്ള കുടിക്കാഴ്ചയിൽ ഒരു മഹാനടന്റെ പകർന്നാട്ടമാണ് ചുള്ളിക്കാട് ദർശിച്ചത്. വിവരിക്കുക.

**(8 x 5 = 40പരമാവധി മാർക്ക്35)**

## Section C

**III.** ഏതെങ്കിലും രണ്ടു ചോദ്യങ്ങൾക്ക് രണ്ടു പുറത്തിൽ കവിയാതെ ഉപന്യസിക്കുക.

24. പരിസ്ഥിതിക്കുമേൽ അധികാരംസ്ഥാപിച്ച് പ്രകൃതിയെ നശിപ്പിക്കുന്നവർക്കെതിരെയുള്ള ജാഗ്രതയുടെയും പ്രതിരോധത്തിന്റെയും ശബ്ദമാണ് 'എൻമകജെ' എന്ന നോവൽ – പരിശോധിക്കുക.

25. മനുഷ്യസ്നേഹത്തിന്റെ മഹത്തായസന്ദേശമാണ് 'പത്തേമാരി'യിലുടെ സലിം അഹമ്മദ് പ്രചരിപ്പിക്കുന്നത്. – ചർച്ച ചെയ്യുക.

26. രാഷ്ട്രീയ താല്പര്യങ്ങൾക്കിടയിൽ മാനുഷികതയ്ക്ക് ഒട്ടുംവിലകല്പിക്കാത്ത മനുഷ്യരുടെ കഥയാണ് 'വൻമരങ്ങൾ വീഴുമ്പോൾ' – സമർത്ഥിക്കുക.

27. നഷ്ടങ്ങളുടെ ആഴങ്ങളിൽ മുങ്ങിത്താഴുമ്പോൾ പിടിവള്ളികൾ തേടുന്ന മനുഷ്യമനസ്സിന്റെ ആവിഷ്ക്കാരമാണ് 'പയറുവള്ളികളിൽത്തുങ്ങി നമ്മളൊക്കെ' എന്ന കഥ – നിരുപിക്കുക.

**(2 x10 = 20 മാർക്ക്)**